(എ) 1999-2000-ാമാണ്ടിലെ പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക എത്ര ; ഓരോ ഇനത്തിനും വേണ്ടി യഥാർത്ഥത്തിൽ ചെലവായ തുക ഓരോ ക്വാർട്ടറിലും എത്ര വീതമാണെന്നതിനെപ്പറ്റി ഗവൺമെന്റ് അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) ഈ അവലോകനങ്ങളിൽ ഓരോ ഇനത്തിനും വേണ്ടിയുള്ള പദ്ധതി ചെലവ് തൃപ്തികരമായിരിക്കുന്നോ ;

(സി) പദ്ധതി ചെലവ് കുറഞ്ഞതായി കണ്ടിട്ടുള്ള പക്ഷം അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 1999-2000-ാമാണ്ടിലെ പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക 3250 കോടി രൂപയാണ്. യഥാർത്ഥത്തിൽ ചെലവായ തുകയെപ്പറ്റി ഓരോ ക്വാർട്ടറിലും അവലോകനം ചെയ്തിട്ടുണ്ട്.

(ബി) തൃപ്തികരമായിരുന്നു.

(സി) ബാധകമല്ല.

റേഷൻ സംവിധാനം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നയം

26(*25) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സംവിധാനം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; റേഷൻ സബ്സിഡി നിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) റേഷൻ കടകളിലൂടെ നൽകുന്ന മണ്ണെണ്ണയുടെ കോട്ടയിൽ കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും ഉത്തരവുകളും വെളിപ്പെടുത്തുമോ ;

(സി) റേഷൻ സബ്സിഡി നിർത്തലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇക്കഴിഞ്ഞ ജനുവരി 31-ാം ബാംഗ്ലൂരിൽ ചേർന്ന ദക്ഷിണമേഖലാ ഭക്ഷ്യ മന്ത്രിമാരുടെ സമ്മേളനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്രം ഉന്നയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(i) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ (35%) കുറവ് വരുത്തുക.

(ii) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിഹിതം, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കുറവ് വരുത്താതെ തന്നെ 15 കിലോ ആയി വർദ്ധിപ്പിക്കുക.

(iii) ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിറുത്തലാക്കി, താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ നൽകുക.

(iv) ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി, കേന്ദ്രവിൽപ്പന വില വർദ്ധിപ്പിച്ച്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നൽകുക.

(v) വില വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ് :

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥവിലയോ (Economic cost) മാർക്കറ്റുവിലയോ ഏതാണ് കുറവെന്നാൽ അത്.

ഇത് നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും.

(ബി) ദേശീയ ആളോഹരി ശരാശരി പ്രകാരം നമുക്കു ലഭിക്കേണ്ടുന്ന മണ്ണെണ്ണ മുഴുവനും ലഭിക്കുന്നില്ല. മാത്രമല്ല, 2 ഗ്യാസ് സിലിണ്ടർ ഉള്ള കുടുംബക്കാർക്ക് മണ്ണെണ്ണ നൽകാൻ പാടില്ല എന്നും കേന്ദ്ര നിർദ്ദേശമുണ്ട്. എന്നിരുന്നാലും റേഷൻകാർഡ് പ്രകാരം അവർക്ക് അർഹമായ മണ്ണെണ്ണ തുടർന്നും നൽകുന്നുണ്ട്.

(സി) നിലവിലുള്ള റേഷൻ സാധനങ്ങളുടെ വിതരണം വിലയിൽ വർദ്ധനവുണ്ടാകാതെ അതേപടി നിലനിറുത്തണമെന്നതാണ് കേരള സർക്കാരിന്റെ നയം.

(ഡി) ഇക്കഴിഞ്ഞ ജനുവരി 31-ന് ബാംഗ്ലൂരിൽ ചേർന്ന ദക്ഷിണേന്ത്യൻ ഭക്ഷ്യമന്ത്രിമാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ചചെയ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സമ്പ്രദായത്തിന് ഒരുവിധത്തിലും കോട്ടം വരുത്തരുതെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly